# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


**വാർത്താക്കുറിപ്പ്**

**2025 ഏപ്രിൽ 1**

---

## ഗവേഷക കൂട്ടായ്മയ്ക്ക് തുടക്കമായി

*മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കെ. ആർ നാരായണൻ ചെയർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് സോഷ്യൽ ജസ്റ്റീസിന്റെ ആഭിമുഖ്യത്തിൽ അരിക് ജീവിതം; ഓർമയും പ്രതിരോധവും എന്ന വിഷയത്തിലുള്ള ഗവേഷക കൂട്ടായ്മയ്ക്ക് പുല്ലരിക്കുന്ന് കാമ്പസിൽ തുടക്കമായി. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. ബീന മാത്യു ഉദ്ഘാടനം ചെയ്തു.*

*സാമൂഹ്യ ശാസ്ത്രവും വസ്തുതകളുടെ മറുവഴിയും എന്ന വിഷയത്തിൽ പ്രമുഖ സാമൂഹ്യ ശാസ്ത്രജ്ഞൻ പ്രഫ. സതീഷ് ദേശ്പാണ്ഡെ മുഖ്യപ്രഭാഷണം നടത്തി. സത്യമെന്ന രീതിയിൽ വിവരങ്ങൾ നിരന്തരം പുറത്തു വരുമ്പോൾ സാമൂഹ്യ സന്ദർഭം പരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.*

*കെ. ആർ നാരായണൻ ചെയർ പ്രഫസർ സുഖ്ദേവ് തൊറാട്ട് അധ്യക്ഷനായിരുന്നു. സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് മേധാവി ഡോ. വി. ദിനേശൻ, കെ.ആർ നാരായണൻ ചെയർ കോ-ഓർഡിനേറ്റർ ഡോ. രാജേഷ് കോമത്ത് എന്നിവർ സംസാരിച്ചു. ഡോ. പി സനൽ മോഹൻ, ഡോ. എസ്. രാജു, ഡോ. ജോബി മാത്യു, ഡോ. പി.എം. ആരതി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ..*

*മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കെ. ആർ നാരായണൻ ചെയർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് സോഷ്യൽ ജസ്റ്റീസിന്റെ ആഭിമുഖ്യത്തിൽ പുല്ലരിക്കുന്ന് കാമ്പസിൽ ആരംഭിച്ച ഗവേഷക കൂട്ടായ്മയിൽ പ്രഫ. സതീഷ് ദേശ്പാണ്ഡെ മുഖ്യ പ്രഭാഷണം നടത്തുന്നു. ഡോ. രാജേഷ് കോമത്ത്, ഡോ. ബീന മാത്യു, ഡോ. വി. ദിനേശൻ എന്നിവർ സമീപം*

*(പി.ആർ.ഒ/39/1447/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ എംസിഎ(2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് അഫിലിയേറ്റഡ് കോളജുകൾ) പരീക്ഷയ്ക്ക് ഏപ്രിൽ 22 വരെ അപേക്ഷിക്കാം. ഫൈനോടു കൂടി ഏപ്രിൽ 24 വരെയും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ 26 വരെയും അപേക്ഷ സ്വീകരിക്കും.*

..........................

*മൂന്നാം സെമസ്റ്റർ എംപിഇഎസ്(സ്പെഷ്യൽ സപ്ലിമെന്ററി- 2023 അഡ്മിഷനിലെ തോറ്റ വിദ്യാർഥികൾക്കു വേണ്ടി മാത്രം മാർച്ച് 2025) പരീക്ഷയ്ക്ക് നാളെ (ഏപ്രിൽ 3) വരെ അപേക്ഷിക്കാം. ഫൈനോടു കൂടി ഏപ്രിൽ നാലിനും സൂപ്പർ ഫൈനോടു കൂടി അഞ്ചിനും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1448/2025)*

## പരീക്ഷാ തീയതി

*നാലാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ചൽ ഡിസെബിലിറ്റി/ലേണിംഗ് ഡിസെബിലിറ്റി(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് -ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷ ഏപ്രിൽ 25 മുതൽ നടക്കും.*

.............................

*ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ്(ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റ സയൻസ്), ഇന്റഗ്രേറ്റഡ്*

*എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ്(2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1449/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ സംസ്കൃതം സ്പെഷ്യൽ റിവൈസ്ഡ്-സാഹിത്യ, ന്യായ, വേദാന്ത, വ്യാകരണ(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 13 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1450/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണികസ് സിബിസിഎസ്(പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 24 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.*

*(പി.ആർ.ഒ/39/1451/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ